**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 513** **09-11-2021 - ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മുല്ലപ്പെരിയാറിൽ നിലവിലുള്ള അണക്കെട്ട് ഡീക്കമ്മീഷൻ ചെയ്ത് പുതിയ അണക്കെട്ട് നിർമ്മിക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ; വ്യക്തമാക്കാമോ; | (എ) | തമിഴ്നാടിന് ജലം കേരളത്തിന് സുരക്ഷ എന്ന ആശയം മുൻനിർത്തി കേരളത്തിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പുതിയ ഡാം എന്ന നിർദ്ദേശം സംസ്ഥാന സർക്കാർ എന്നും മുന്നോട്ട് വച്ചിട്ടുള്ളത്. 1895-ൽ ചുണ്ണാമ്പ്-സുർക്കി മിശ്രിതത്തിൽ നിർമ്മിച്ച 126 വർഷം പഴക്കമുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴെ ഭാഗത്തുള്ള ജനങ്ങളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനുമായി നിലവിലെ അണക്കെട്ടിന്റെ 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ട് പണിയുവാനുള്ള ആവശ്യം കേരളം നിരവധി ചർച്ചകളിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളവും തമിഴ്നാട്ടും തമ്മിൽ നിലനിന്നിരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളുടെ ഭാഗമായി തമിഴ്നാട് ബഹു. സുപ്രീം കോടതിയിൽ സമർപ്പിച്ച അസ്സൽ അന്യായം 3/2006 ന് മേൽ 7/05/2014 തീയതിയിൽ സുപ്രീം കോടതി വിധിന്യായത്തിൽ, ഉന്നതാധികാര സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലെ അണക്കെട്ട് ജലശാസ്ത്രപരമായും, ഭൂകമ്പപരമായും, ഘടനാപരമായും (hydrologically, seismically and structurally) സുരക്ഷിതമാണെന്ന് ബഹു. സുപ്രീം കോടതി പ്രഖ്യാപിച്ചെങ്കിൽക്കൂടി, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബലക്ഷയത്തിനെപ്പറ്റിയുള്ള ആശങ്കകൾ കണക്കിലെടുത്ത് നിലവിലെ അണക്കെട്ടിന് ഏകദേശം 366 മീറ്റർ താഴെയായി ഒരു പുതിയ അണക്കെട്ട് പണിയുന്നതിനുള്ള കേരളത്തിന്റെ ആവശ്യം ബഹുമാനപ്പെട്ട സുപ്രീം കോടതി അംഗീകരിച്ചിരുന്നു. കേരളത്തിന്റെ അഭ്യർത്ഥന |

| | | | |
|---|---|---|---|
| | | | കണക്കിലെടുത്ത് തമിഴ്നാടിന്റെ സമ്മതത്തോടു കൂടി പുതിയ ഡാം നിർമ്മിക്കുവാനുള്ള നിർദ്ദേശം സുപ്രീം കോടതി പുറപ്പെടുവിച്ച 07/05/2014 ലെ വിധി ന്യായത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | ഇതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മുല്ലപ്പെരിയാറിന്റെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കണമെന്നതു തന്നെയാണ് സർക്കാരിന്റെ നിലപാട്. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് നിലവിലെ നിയമങ്ങൾ പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയും തമിഴ്നാടിന്റെ സമ്മതവും സുപ്രീം കോടതിയുടെ അനുമതിയും ആവശ്യമാണ്. പുതിയ അണക്കെട്ടിന്റെ പരിസ്ഥിതി ആഘാത പഠനം (EIA) നടത്തുന്നതിന്റെ ഭാഗമായി പരിസ്ഥിതി ആഘാത പഠനത്തിന്റെ Terms of Reference (ToR) 2015 ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകിയത്, 2018 നവംബർ 14 ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിബന്ധനകളോടെ അംഗീകാരം നൽകുകയുണ്ടായി. ഈ നിബന്ധനകൾ അനുസരിച്ച് പരിസ്ഥിതി ആഘാത പഠനം പുരോഗമിച്ചു വരുന്നു. പുതിയ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് മുൻപായി Environmental Clearance, Forest Clearance മുതലായ നിയമപ്രകാരമുള്ള മാനദണ്ഡങ്ങളനുസരിച്ചുള്ള സാക്ഷ്യപ്പെടുത്തലുകളും ഉഭയകക്ഷി സമ്മതവും ആവശ്യമാണ്. നിലവിലെ ബഹു. സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതിയ അണക്കെട്ടിന് ആവശ്യമായ സംഭരണശേഷിയും അണക്കെട്ടിന്റെ താഴ്ഭാഗത്തെ പുഴയുടെ വാഹകശേഷിയും കണക്കിലെടുത്തുകൊണ്ട് പുതിയ അണക്കെട്ടിന്റെ രൂപകല്പനയ്ക്കായി പരിഗണിക്കേണ്ട Full Reservoir Level (FRL), Maximum Water Level (MWL) എന്നിവ കണക്കാക്കി ബഹു. സുപ്രീം കോടതിയിൽ കേരളം സ്വീകരിച്ചിട്ടുള്ള നിലപാടുകൾക്ക് അനുസൃതമായി പുനർ രൂപകൽപന ചെയ്യുന്നതാണ്. കൂടാതെ പുതിയ അണക്കെട്ട് പെരിയാർ വന്യജീവി സങ്കേതത്തിൽ ആയതിനാൽ പദ്ധതി നടപ്പിലാക്കുവാൻ പാരിസ്ഥിതികാനുമതി (Environmental Clearance) ആവശ്യമാണ്. പാരിസ്ഥിതികാനുമതി ലഭിക്കണമെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ട്. വന്യജീവി സങ്കേതത്തിനുള്ളിൽ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമാണ്. മുല്ലപ്പെരിയാറിന്റെ പരിസ്ഥിതി ആഘാത പഠനം പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡിനെ |

| | | | |
|---|---|---|---|
| | | | 26/03/2015-ലെ സ.ഉ(സാ.ധാ).221/2015/ജ.വി.വ അനുസരിച്ച് 21/04/2015 ലെ കരാർ പ്രകാരം 95 ലക്ഷം രൂപയ്ക്ക് ഏൽപിച്ചു. എന്നാൽ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ ഉത്തരവ് നമ്പർ J/12011/22/2018-IA-I പ്രകാരം പരിസ്ഥിതി ആഘാത പഠനത്തിനുള്ള ToRന്റെ അംഗീകാരം 2018 നവംബറിലാണ് നിബന്ധനകളോടെ ലഭിച്ചത്. പ്രസ്തുത ToRന്റെ കാലാവധി 4 വർഷമാണ്. ഇതു സംബന്ധിച്ച് കേരള ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതിയ്ക്ക് 17/08/2018 തീയതിയ്ക്ക് അപേക്ഷിക്കുകയും ആയതിന് 20/04/2019-ൽ അനുമതി ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ജൂലൈ 2019-ൽ കൺസൾട്ടന്റ് പഠനം ആരംഭിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്ററിൽ നിന്ന് പരിസ്ഥിതി ആഘാത പഠനത്തിനായി പെരിയാർ ടൈഗർ റിസർവോയറിലേയ്ക്ക് പ്രവേശിക്കാനുള്ള അനുമതി 30/06/2021 വരെ ലഭിക്കുകയും ആയത് പൂർത്തിയാക്കുന്നതിനുള്ള സമയം 20/12/2021 വരെ നീട്ടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പരിസ്ഥിതി ആഘാത പഠനത്തിന്റെ ഭാഗമായി കൺസൾട്ടന്റ് രണ്ട് സീസണുകളുടെ ബേസ് ലൈൻ ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാം സീസണിന്റെ പഠനം പുരോഗമിച്ചുവരുന്നു. കൂടാതെ ഡ്രാഫ്റ്റ് പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് ഉടൻ തന്നെ സമർപ്പിക്കുമെന്ന് കൺസൾട്ടന്റ് അറിയിച്ചിട്ടുമുണ്ട്. പരിസ്ഥിതി ആഘാത പഠനവുമായി ബന്ധപ്പെട്ട് കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗരേഖ പ്രകാരം മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ പുതുക്കുന്നതിനായി 12/02/2021 ലെ സർക്കാർ ഉത്തരവ് നം.സ.ഉ(സാ.ധാ) 102/2021-ജ.വി.വ പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (സി) | പുതിയ അണക്കെട്ടിന്റെ നിർമ്മാണത്തിലും ജലം പങ്കിടൽ ഉടമ്പടിയിലും തമിഴ്നാടിന്റെ പരിപൂർണ്ണമായ സഹകരണം ആവശ്യമാണെന്നിരിക്കെ ഇത് സംബന്ധിച്ച് തമിഴ്നാടുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (സി) | പുതിയ അണക്കെട്ടിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഉദ്യോഗസ്ഥതലത്തിലും സർക്കാർ തലത്തിലുമുള്ള വിവിധ യോഗങ്ങളിൽ പരിഗണിച്ചിരുന്നെങ്കിലും ഒരു സമവായത്തിലെത്താൻ കഴിഞ്ഞിരുന്നില്ല. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് പണിയുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ തമിഴ്നാടുമായി ധാരണയിൽ എത്തുന്നതിനായി മുഖ്യമന്ത്രി തലത്തിൽ ഡിസംബറിൽ യോഗം ചേരുന്നതിനു തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ